കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടാഴി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.-പി5-216/17

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം
കൊല്ലം ജില്ല
തീയതി.14.2.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടാഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം

20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.-പി 5-216/17 തീയതി.14.2.2017

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5.7.16 മുതൽ 17.1.2/17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. ഗീത.എം.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18.01.2017 മുതൽ 25.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. കെ.എസ് അജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി. സോണിയ ജെ സെബാസ്റ്റ്യൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ഷീജ ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. വിഷ്ണുപ്രിയ കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീമതി.ബി.എസ് സുജാത | 01.04.2015മുതൽ 31.10.2015വരെ |
| | | സെക്രട്ടറി, ഐ.സി.ഡി.എസ് | 01.11.2015 മുതൽ |

| | | | |
|---|---|---|---|
| | | സൂപ്പർവൈസർ, കൃഷി ഓഫീസർ (അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസ്) | 18.11.2015 വരെ |
| | | ശ്രീമതി കെ ബി ശ്രീദേവി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ. ജി രാജ്കുമാർ | 01.04.2015 മുതൽ 02.05.2015വരെ |
| | | ശ്രീ ഈശ്വരദാസ് ( സെക്രട്ടറി ഇൻ ചാർജ്ജ്) | 02.05.2015മുതൽ 07.05.2015 വരെ |
| | | ശ്രീ. ജോസ് | 08.05.2015മുതൽ 23.07.2015വരെ |
| | | ശ്രീ ഈശ്വരദാസ് ( സെക്രട്ടറി ഇൻ ചാർജ്ജ്) | 24.07.2015മുതൽ 27.07.2015 വരെ |
| | | ശ്രീ. ജയദേവൻപിള്ള കെ | 27.07.2015മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ. ഈശ്വരദാസ് | 01.04.2015മുതൽ 18.08.2015വരെ |
| | | ശ്രീമതി. ജയകുമാരി | 18.08.2015മുതൽ 11.01.2016വരെ |
| | | ശ്രീ. ഷിഹാബുദ്ദീൻ | 14.01.2016മുതൽ 31.03.2016വരെ |
| ഉദ്യോഗപ്പേര് | | | |
| വെറ്റിനറി സർജൻ | | ഡോ. ശ്യാം സുന്ദരൻ | 01.04.2015 മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | | പ്രദീപ് കെ എസ് | 01.04.2015മുതൽ 31.03.2016വരെ |
| വി. ഇ. ഒ | | ശ്രീ. രതീഷ് ആർ | 01.04.2015മുതൽ 31.03.2016വരെ |
| വി. ഇ. ഒ | | | മുതൽ വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | ശ്രീമതി. ഷൈനി | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | | ഡോ. വിപിൻ | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മിസ്ട്രസ് | | ശ്രീമതി. ഗീതാദേവി | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | | ഡോ. അഭിലാഷ് | 01.04.2015മുതൽ 31.03.2016വരെ |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | | ഡോ. രമാദേവി | 01.04.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ. അരുൺചന്ദ് | 01.04.2015മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | റദ്ദായലേലത്തിന്റെ നിരതദ്രവ്യം തിരികെ നൽകി- നഷ്ടം 20000/-രൂപ | 2-1 |
| 13 | ലേലവ്യവസ്ഥകൾ പാലിക്കാത്ത ആളിനുതന്നെ ലേലം ഉറപ്പിച്ചു നൽകി | 2-2 |

| | | |
|---|---|---|
| 14 | മേൽ നടപടികൾ സ്വീകരിക്കാൻ വൈകിയതിനാൽ പഞ്ചായത്തിനു നഷ്ടം 18030/- രൂപ | 2-3 |
| 15 | ലേല നടപടികളിൽ കണ്ട പൊതു അപാകതകൾ | 2-4 |
| 16 | വർദ്ധിപ്പിച്ചനിരക്കിലുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല- നഷ്ടം 575/- രൂപ | 2-5 |
| 17 | മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല. -നഷ്ടം 450/- രൂപ | 2-6 |
| | ഭാഗം 3 | |
| 18 | വിശദമായ വിനിയോഗ വിവരങ്ങളില്ല.എസ്.എസ്.എയ്ക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു. | 3-1 |
| 19 | അനുബന്ധ രേഖകളില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 20 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം- തുക നിരാകരിക്കുന്നു. | 3-3 |
| 21 | തെരുവു വിളക്കുകളുടെ പരിപാലനം -തുക നിരാകരിക്കുന്നു. | 3-4 |
| 22 | ഉപയോഗിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നു | 3-5 |
| 23 | മരുന്ന് ലഭ്യമായില്ല ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 24 | സർക്കാർ അനുമതിയില്ലാതെ ചെലവ് ക്രമീകരിച്ചു | 3-7 |
| 25 | സമഗ്രനെൽക്കൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 26 | എം.ജി.എൻ.ആർ.ഇ.ജി.എസ് - മൺകയ്യാല നിർമ്മാണം - എം. ബുക്കിൽ കൃത്യമായ അളവുകൾ രേഖപ്പെടുത്തുന്നില്ല. | 3-9 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |

| | | |
|---|---|---|
| 28 | ഡെപ്പോസിറ്റ് വ ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 32 | ഓഡിറ്റ് റിക്കവറി | 4.6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | 4.10 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015/2016 വർഷത്തെ പുതുക്കിയ ബജറ്റ് 05.06.2016 തിയതിയിലെ I തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2/15-16 | 2015-16 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

വാർഷിക കണക്കുകളിലെ അപാകതകൾ

1.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സംയോജിത പ്രോജക്ടുകൾക്ക മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5.സംയോജിത പദ്ധതികൾക്ക് ബ്ലോക്ക്,ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ട് ചിലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 16452381

വരവ് - 31090860

ആകെ - 47543241

ചെലവ് - 42420637

നീക്കിയിരിപ്പ്- 5122604

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 402213 | 6500009 | 6902222 | 6847502 | 54720 | 99.2% |
| വികസനഫണ്ട് എസ്.സി.പി. | 1648822 | 2855883 | 4504705 | 4504705 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 2229998 | 8938234 | 11168232 | 11168232 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1357371 | 1139232 | 2496603 | 2496603 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1610771 | 5474712 | 7085483 | 7085483 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2329506 | 1612435 | 3941941 | 3941941 | 0 | 100% |
| എം.എൻ.ആർ.ഇ.ജി.എസ്. | 118212 | 22365673 | 22483885 | 22483211 | 674 | 99.21 |
| ബി ഫണ്ട് | 0 | 21247578 | 21247578 | 21247578 | 0 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 50546798 | 177 | 31497127 | 0 | 9 | 62% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 54 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2195158 | 1855496 | -339662 | (-)18% |
| നികുതിയേതര വരവുകൾ | 5441222 | 1419422 | 875200 | (-)61.7% |
| മറ്റുവരവുകൾ | 1198866 | 5308544 | 4109678 | (+)77% |
| ആകെ | 3938246 | 8583462 | 4645216 | (+)54% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 356280 | 225 |
| കർഷകതൊഴിലാളി പെൻഷൻ | 2700780 | 341 |
| വിധവാപെൻഷൻ | 7552600 | 783 |
| വാർദ്ധക്യകാലപെൻഷൻ | 8030400 | 1217 |
| വികലാംഗപെൻഷൻ | 2233875 | 205 |
| അവിവാഹിത പെൻഷൻ- 50 വയസ്സിന് താഴെ | 350680 | 38 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.1.17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32695/- രൂപ ക്യാഷ് ബാലൻസിന്റെകൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർ അനുമതിയില്ലാതെ ചെലവ് ക്രമീകരിച്ചു. ലേല വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കാതെ ലേലം നടത്തി. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത പാടശേഖര സമിതികൾക്ക് സബ്സിഡി നൽകി.വസ്തു നികുതി സംബന്ധമായ മുഴുവൻ വിശദാംശങ്ങളും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/01/2017 | 12/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/10/2012 to 25/10/2015 | 11/12 | 01/02/2013 |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 റദ്ദായ ലേലത്തിന്റെ നിരതദ്രവ്യം തിരികെ നൽകി- നഷ്ടം 20000രൂപ

7.3.2015 ൽ പബ്ലിക് മാർക്കറ്റിൽ മാട്ടിറച്ചിവ്യാപാരം നടത്തുന്നതിന് വേണ്ടി നടന്നലേലത്തിൽ ശ്രീ.സൈനുദ്ദീൻ കോട്ടയ്ക്കകത്ത് വടക്കതിൽ ,പോരുവഴി പി.ഒ എന്ന വ്യക്തിക്ക് 499000 രൂപയ്ക്ക് ലേലം ഉറപ്പിച്ച് താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകി. എന്നാൽ 7.3.2015ലെ 3(1) തീരുമാനപ്രകാരം ലേലത്തിന് അംഗീകാരം കൊടുക്കാതെ പുനർ ലേലം നടത്താൻ തീരുമാനിച്ചിരിക്കുന്നു. ലേലം റദ്ദ ചെയ്യതിന്റെ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടപ്പോൾ ടി വ്യക്തി അംഗീകൃത കശാപ്പുശാലയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ലേലത്തിൽ പങ്കെടുത്തതെന്നും 17.3.2015 ൽ A2-1/2014 നമ്പർ കത്തുപ്രകാരം അംഗീകൃത കശാപ്പുശാലയിൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കാൻ അറിയിപ്പ് നൽകിയിട്ടും സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതിനാൽ ലേലം റദ്ദുചെയ്യു എന്നുമുള്ള വിശദീകരണമാണ് ലഭിച്ചത്.

7.3.2015 ലെ ലേലം റദ്ദുചെയ്യ സാഹചര്യത്തിൽ ശ്രീ.സൈനുദ്ദീൻ നിരതദ്രവ്യമായി പഞ്ചായത്തിൽ ഒടുക്കിയ 20000 രൂപ ലേലവ്യവസ്ഥ 11 പ്രകാരം പഞ്ചായത്തുഫണ്ടിലേക്കു മുതൽക്കൂട്ടേണ്ടതായിരുന്നു. എന്നാൽ 5.3.2015 ലെ 11401103610 രസീതുപ്രകാരം ശ്രീ.സൈനുദ്ദീൻ ഒടുക്കിയ 20000 രൂപ 11.03.2016 ലെ 21500732 നമ്പർ വൗച്ചറിലെ 031873 നമ്പർ ചെക്ക് പ്രകാരം തിരികെ നൽകിയിട്ടുണ്ട്. ലേലവ്യവസ്ഥകൾ പാലിക്കാതെ ലേലത്തിൽ നിന്നും പിൻമാറിയ വ്യക്തിയുടെ നിരതദ്രവ്യം മടക്കികൊടുത്തത് അംഗീകരി- ക്കാവുന്നതല്ല. ആയതിനാൽ ടി ചെലവ് നിരാകരിക്കുന്നു.പഞ്ചായത്തിന് നഷ്ടമായ തുക നിരതദ്രവ്യം തിരികെ നൽകിയ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 2-2 ലേലവ്യവസ്ഥകൾ പാലിക്കാത്ത ആളിനുതന്നെ ലേലം ഉറപ്പിച്ചു നൽകി

7.3.2015 ൽ നടന്ന ലേലത്തിൽ ലേലവ്യവസ്ഥകൾ പാലിക്കാത്ത വ്യക്തിക്കുതന്നെ 15.05.2015 ൽനടന്ന പുനർലേലത്തിൽ കുറഞ്ഞ തുകയായ 312000രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ സാമ്പത്തിക വർഷം ആരംഭിച്ച് ഒന്നരമാസം കഴിഞ്ഞതിനാൽ ഇതിൽ കൂടിയതുക പുനർലേലം നടത്തിയാലും ലഭിക്കാൻ ഇടയില്ലാത്തതുകൊണ്ടാണ്,എന്ന മറുപടിയാണ് ലഭിച്ചത്. ലേലവ്യവസ്ഥകൾ പാലിക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിച്ചതു കാരണം പുനർലേലം നടത്തേണ്ട അവസ്ഥയും അതിലൂടെ പഞ്ചായത്തിന് സമയനഷ്ടവും സാമ്പത്തിക നഷ്ടവും സംഭവിക്കുകയും ചെയ്യിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

### 2-3 മേൽ നടപടികൾ സ്വീകരിക്കാൻ വൈകിയതിനാൽ പഞ്ചായത്തിനു നഷ്ടം 18030രൂപ

10.04.2015 ൽ നടന്ന പബ്ലിക് മാർക്കറ്റ് ഗേറ്റ്ഫീസ് പിരിവ് ലേലം 96600 രൂപയ്ക്ക്

താൽക്കാലികമായി സ്ഥിരപ്പെട്ടുത്തികിട്ടിയ ശ്രീ.രാജു.എ.ടി,ആലുവിളവീട്,പാണ്ടിത്തിട്ട എന്ന വ്യക്തിക്ക് കുടിശ്ശികയുള്ളതിനാൽ ലേലം അംഗീകരിക്കുന്നില്ല എന്ന് ലേലഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച കമ്മിറ്റിതീരുമാനം ലഭ്യമായില്ല. ലേല ഡയറിപ്രകാരം രണ്ടാംസ്ഥാനക്കാരനായ സുരാജ്,കുറ്റൂർ മേലതിൽ, കന്നിമേൽത്തേരി,പട്ടാഴി എന്ന വ്യക്തി 96500 രൂപയ്ക്കാണ് ലേലം വിളിച്ചത്. ഒന്നാം സ്ഥാനക്കാരന് കുടിശ്ശികയുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് മേൽനടപടികൾ സ്വീകരിച്ച് കമ്മിറ്റിതീരുമാനമെടുത്ത് രണ്ടാം സ്ഥാനക്കാരന് നൽകാമായിരുന്നു. എന്നാൽ 10.04.2015 ൽ നടന്ന ലേലത്തെ സംബന്ധിച്ച് യാതൊരു കമ്മിറ്റി തീരുമാനവും എടുത്തിട്ടില്ല. 11.01.2015 മുതൽ 14.05.2015 വരെ പഞ്ചായത്ത് നേരിട്ട് ഗേറ്റ് ഫീസ് പിരിച്ചിട്ടുണ്ട്. ഈയിനത്തിൽ 5970രൂപ വരവുവന്നിട്ടുണ്ട്.15.5.15 ൽ പുനർലേലം നടത്തിയപ്പോൾ 725500 രൂപയ്ക്കാണ് ലേലം ഉറപ്പിച്ചു നൽകിയിരിക്കുന്നത്. 10.4.2015 ലെ രണ്ടാം സ്ഥാനക്കാരന് ലേലം ഉറപ്പിച്ച് നൽകിയിരുന്നെങ്കിൽ 96500 രൂപ പഞ്ചായത്ത് ഫണ്ടിൽ ലഭിക്കേണ്ട സ്ഥാനത്ത് പുനർലേലം നടത്തിയതുവഴി ലഭിച്ച ലേലതുകയായ 72500 രൂപയും നേരിട്ട് പിരിച്ചെടുത്ത 5970 രൂപയുമുൾപ്പെടെ 78400 രൂപ മാത്രമാണ് ലഭിച്ചത്. ആയതിനാൽ രണ്ടാം സ്ഥാനക്കാരന് നൽകാൻ കഴിയാഞ്ഞതിനാൽ 18030 രൂപ പഞ്ചായത്തിനു നഷ്ടം വന്നിട്ടുണ്ട്. ഇത്തരം അപാകതകതകൾ ഉണ്ടാകാതെ ലേലം സുതാര്യമായി നടക്കുന്നതിനുള്ള നടപടി കൈകൊള്ളേണ്ടതാണ്.

## 2-4 ലേല നടപടികളിൽ കണ്ട പൊതു അപാകതകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം ഒടുക്കുന്നില്ല

ലേലവ്യവസ്ഥ പ്രകാരം ലേലത്തിൽ പങ്കെടുക്കുന്ന എല്ലാവരും നിരതദ്രവ്യം ഒടുക്കി രസീത് വാങ്ങേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വ്യക്തികൾ നിരതദ്രവ്യം ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

| ലേലതീയതി | ലേലയിനം | ലേലത്തിൽ പങ്കെടുത്തവരുടെ പേര് |
|---|---|---|
| 28.03.2015 | പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | ശ്രീ.രാജു.എ.ടി, |
| 28.03.2015 | പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | ശ്രീ.അലിഖാൻ, |
| 28.03.2015 | പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | ശ്രീ. ആസാദ് |
| 10.04.2015 | പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | സുധീർ.എം.ജി, |
| 10.04.2015 | പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | ശ്രീ.അലിഖാൻ |

| | | |
|---|---|---|
| 15.05.2015 | മാട്ടിറച്ചി വ്യാപാരം | ശ്രീ.ജലീൽ |

2.കുടിശ്ശികയുള്ളവരെ ലേലത്തിൽ പങ്കെടുപ്പിച്ചു

10.04.2015 ലെ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലത്തിൽ പങ്കെടുത്ത രാജു.എ.ടി ആലുവിള വീട് പാണ്ടിത്തിട്ട എന്നവ്യക്തി ഗ്രാമ പഞ്ചായത്ത് വക ന്യൂ കോപ്ലക്സിലെ NSC-16 എന്ന കടമുറിയുടെ മൂന്നുമാസത്തെ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ടായിരുന്നു. ടി വ്യക്തി ലേലം കൊള്ളുകയും ലേലം റദ്ദാക്കേണ്ടി വരുകയും ചെയ്തു.

3.അംഗീകൃത കശാപ്പുശാലയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കാത്തവരെ മാട്ടിറച്ചിലേലത്തിൽ പങ്കെടുപ്പിച്ചു

28.03.2015 ലെ മാട്ടിറച്ചിലേലത്തിൽ പങ്കെടുത്തവർ അംഗീകൃത കശാപ്പുശാലയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിനാൽ പുനർലേലം നടത്തേണ്ടി വരുകയും ലേല നടപടികളിലുണ്ടായ കാലതാമസം മൂലം കുറഞ്ഞതുകയ്ക്ക് ലേലം ഉറപ്പിച്ച് നൽകേണ്ടി വരുകയും ചെയ്തു.

4. ലേല രജിസ്റ്റർ കൃത്യമായി എഴുതിസൂക്ഷിക്കുന്നില്ല

ലേല രജിസ്റ്ററിൽ ലേലത്തിൽ പങ്കെടുത്ത വ്യക്തികളുടെപേരുവിവരങ്ങളും നിരതദ്രവ്യംഒടുക്കിയതിന്റെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ലേലം കുറ്റമറ്റരീതിയിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്.

## 2-5 <u>വർദ്ധിപ്പിച്ചനിരക്കിലുള്ള മോട്ടോർ ഫീസ് ഈടാക്കിയില്ല-നഷ്ടം 525രൂപ</u>

ജി.ഒ.(പി) നമ്പർ 409/2014/ഫിൻ തീയതി 23.09.2014 പ്രകാരം ഡി ആന്റ് ഒ ലൈസൻസ് ഫീസിനോടൊപ്പം ഈടാക്കേണ്ട മോട്ടോർഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിൽ ഫീസ് ഈടാക്കിയിട്ടില്ല.ഈടാക്കാൻ ബാക്കിയുള്ള തുക ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| വാർഡ്/ കെട്ടിടനമ്പർ | വ്യക്തിയുടെ പേര്,മേൽവിലാസം | സ്ഥാപനത്തിന്റെ സ്വഭാവം | യന്ത്ര സാമഗ്രിയുടെ H.P | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|---|---|
| VII/985 | രാജേന്ദ്രൻ പിള്ള<br>വിഷ്ണുവിലാസം, അമ്പലനിരപ്പ്,തലവൂർ | ഹോളോബ്രിക്സ് നിർമ്മാണം | 22 H.P | 300 | 450 | 150 |
| III/795 | രവി തങ്കപ്പൻ, മൊട്ടകുന്നിൽ ചരുവിള പുത്തൻ വീട്, തെക്കേച്ചേരി പി.ഒ,പട്ടാഴി | വെൽഡിംഗ് വർക്ക് ഷോപ്പ് | 10 H.P | 100 | 150 | 50 |
| | സുഗതൻ.ഡി, | പ്രിന്റിംഗ് പ്രസ്സ് | 1 H.P | 50 | 75 | 25 |

| | | | | | | |
|---|---|---|---|---|---|---|
| | പഴഞ്ഞിവിള വീട്, നടുത്തേരി,തലവൂർ പി.ഒ | | | | | |
| X | വൽസലാമ്മാൾ.കെ.ആർ, രാധാകൃഷ്ണസദനം, ഏറത്തുവടക്ക്,പട്ടാഴി | ധാന്യങ്ങൾ പൊടിക്കുന്നതിന് | 10 H.P | 100 | 150 | 50 |
| VII/135A | ഷാഹുൽ ഹമീദ്,ഷാജി മൻസിൽ,കന്നിമേൽ പട്ടാഴി | സാമിൽ | 48.5H.P | 500 | 750 | 250 |

ആകെ 575രൂപ

മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ ബാക്കിയുള്ള തുക ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാ- ക്കേണ്ടതാണ്.

## 2-6 മോട്ടോർഫീസ് ഈടാക്കിയില്ല-നഷ്ടം 450 രൂപ

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനോടൊപ്പം ഈടാക്കേണ്ട മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ്/ കെട്ടിടനമ്പർ | വ്യക്തിയുടെ പേര്,മേൽവിലാസം | സ്ഥാപനത്തിന്റെ സ്വഭാവം | യന്ത്ര സാമഗ്രിയുടെ H.P | ഈടാക്കേണ്ട തുക |
|---|---|---|---|---|
| I/746 | ശാമുവൽ ഡാനിയൽ, കുളത്തികുന്നിൽ പുത്തൻവീട്. താഴത്തുവടക്ക്, പട്ടാഴി | എഞ്ചിനിയറിംഗ് വർക്ക്ഷോപ്പ് | 5 H.P | 75 |
| VI/1153 | അജിതകുമാരി, വിഷ്ണുഭവൻ, പന്തപ്ലാവ്,പട്ടാഴി | പെട്രോൾപമ്പ് | 3H.P | 75 |
| IV | ശശിധരൻ നായർ/അനിത, അനീഷ്ഭവനം, പന്തപ്ലാവ് | എഞ്ചിനിയറിംഗ് വർക്സ് | 10H.P | 150 |
| IV/1359 | ഷിബുജോൺ, ഷിജുഭവൻ, തെക്കേത്തേരി.പി.ഒ, പട്ടാഴി | എഞ്ചിനിയറിംഗ് വർക്സ് | 5 H.P | 75 |

| | | | | |
|---|---|---|---|---|
| | | | | |
| VI/1342 | ജോയികുഞ്ഞ് കുഞ്ഞ്, പിരളുശ്ശേരിൽവീട്, മാർക്കറ്റ് വാർഡ്,പട്ടാഴി | ലെയ്ത്തുവർക്ക് | 3 H.P | 75 |

ആകെ 450രൂപ

മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള മോട്ടോർഫീസ് പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിശദമായ വിനിയോഗ വിവരങ്ങളില്ല.എസ്.എസ്.എയ്ക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു.

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് 2015-16സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 500000/- എസ്.എസ്.എ.ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് മോഡൽ എൽ.പി സ്കൂൾ ഹെഡ് മിസ്ട്രസ് നിർവഹണം നടത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം | തീയതി |
|---|---|---|---|---|
| 01/2016 | 500000/-വികസനഫണ്ട് (പൊതുവിഭാഗം) | 500000 | 1/15-16 | 12.02.2016 |
| | ആകെ | 500000/- | | |

18/8/12 ലെ(എം.എസ്.) 225/12/ത.സ്വ.ഭ.വ.നമ്പർ ഉത്തരവിലൂടെ [അനുബന്ധം-1 ഖണ്ഡിക 6(ii)] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണമെന്നും, അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനവും ചേർന്നാവണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ട് ഭരണസമിതി അംഗീകരിക്കുകയും, അംഗീകരിച്ച പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ഇതേ ഉത്തരവിൽ നിഷ്കർഷി ക്കുന്നുണ്ട്.

എസ്.എസ്.എ.യുടെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ച തീയ്യതി, മേൽ വർഷങ്ങളിൽ കൈമാറിയ തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം (അതായത് ബഡ്ജറ്റ് പ്രകാരം ഏതെല്ലാം പ്രവർത്തനങ്ങൾക്കാണോ ചെലവ് കണക്കാക്കിയത്, അതിൽ ഓരോ പ്രവർത്തനത്തിനും ഉപയോഗപ്പെടുത്തിയ തുകയുടെ), ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏതെല്ലാം വിദ്യാലയങ്ങളിലാണ് നടപ്പാക്കിയത്, ആ വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, എന്നിവ ഓഡിറ്റിന് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 500000/-രൂപ

തടസ്സപ്പെടുത്തുന്നു.

## 3-2 അനുബന്ധ രേഖകളില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2015-16സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളിൽ അനുബന്ധ രേഖകൾ ഉൾപ്പെട്ടു കാണുന്നില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് | ഗുണഭോക്താവിന്റെ പേരും,വീട്ടുപേരും, വാർഡുനമ്പരും | കൈപ്പറ്റിയ തുക / ബിൽ നം/തീയതി | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം 8/16 | ശാരദ,ശാരദാഭവൻ, കന്നിമേൽVIII | 25000/- 03/15-16;29.03.2016 | ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന പട്ടികജാതി വകുപ്പിന്റെ സാക്ഷ്യ പത്രം,വീടിന്റെ പഴക്കം തെളിയിക്കുന്ന രേഖകൾ |
| 2 | ‘’ | ഉദയകുമാർ,ഉദയഭവനം, പന്തപ്ളാവ് ,IV | ; | ; |
| 3 | ‘’ | അജിത,അശ്വതി ഭവനം,ഏറത്ത് വടക്ക്. | ; | ; |
| | ‘’ | .ബി.ശശി,ശശി ഭവനം,തെക്കേത്തേരി,XII | ; | ; |
| 5 | ‘’ | പൊടിയൻ,ലേഖാഭവനം, കന്നിമേൽ,X | ; | ; |
| 6 | പുതിയ തുറന്ന കിണർ 9/16 | നാരായണൻ,ആലുവിളയിൽ വീട്,തെക്കേത്തേരി | 17000/- 9/15-16;25.03.16 | എൽ.എസ്.ജി.ഡി എഞ്ചിനീയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 7 | ‘’ | തങ്കമണി,അടയ്ക്കാമരക്കുഴി, മേലേതിൽ | ; | ; |
| | ‘’ | യമുനാദേവി,നിർമ്മാല്യം, നടുത്തേരി | ; | ; |
| 9 | " | ചന്ദ്രിക,പാറവിള വീട്,പന്തപ്ളാവ് | ; | ; |
| | | ആകെ | 193000/- | |

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 193000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കണമെന്നാ വശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം6തീയതി 23.1.17) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം-തുക നിരാകരിക്കുന്നു.

പ്രോജക്ട്-സമഗ്രനെൽക്കൃഷി വികസനം (സ്പിൽ ഓവർ)

പ്രോജക്ട് നം-72/16

അടങ്കൽ

ജില്ലാ പഞ്ചായത്ത് വിഹിതം-27000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം-45000/-

ആകെ-72000/-

ചെലവ്-72000/-

ബിൽ നം-2/15-16/28.9.15

ചെക്ക് നം-012814/28.9.15

നിർവഹണം-കൃഷി ഓഫീസർ

2014-15സാമ്പത്തിക വർഷം 47/15-ാം നമ്പരായി നടപ്പിലാക്കിയ സമഗ്രനെൽക്കൃഷി വികസനം എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 252362/-രൂപ, ആനുകൂല്യം കൈപ്പറ്റിയ കർഷകർ ഗ്രാമപഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ നിരാകരിച്ചിരുന്നു. ഇതേ ഗുണഭോക്താക്കൾക്ക് തന്നെയാണ് 2015-16ലും ശേഷിച്ച ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ ബ്ളോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതമായി വിതരണം ചെയ്ത 72000/- രൂപ വിതരണം നടത്തിയത്. അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/23-01-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 17 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 27468/-രൂപ കഴിച്ച് ലിസ്റ്റിൽ ഉൾപ്പെടാത്ത 91 പേർക്ക് നൽകിയ 44532/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 തെരുവു വിളക്കുകളുടെ പരിപാലനം -തുക നിരാകരിക്കുന്നു.

2014-15 ൽ തെരുവു വിളക്കുകളുടെ പരിപാലനം എന്ന പ്രോജക്ടിന്റെ നടപ്പാക്കലിൽ ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 3055/ഡി /എ.3/201/ത.സ്വ.ഭ.വ/15.09.2011-ാം നമ്പർ സർക്കുലറിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല എന്ന കാരണത്താൽ ചെലവു തുകയായ 250000/-രൂപ നിരാകരിച്ചിരുന്നു. മൂന്ന് വാർഡുകളിലെ തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ തുക നൽകാനായി 2015-16 ൽ സ്പിൽ ഓവർ ആയി പദ്ധതി രൂപീകരിക്കുകയും തനത് ഫണ്ടിൽ നിന്നും 150000/-രൂപ വകയിരുത്തുകയും ചെയ്തു. ആയതിൽ നിന്നും കെ.എസ്.ഐ.ഇ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 29.3.16 ലെ 833384 നം ഡി.ഡി പ്രകാരം 87500/-രൂപ നൽകി. സർക്കാർ ഉത്തരവിന് വിരുദ്ധമായ കരാറിൽ ഏർപ്പെട്ടു നടത്തിയ ചെലവായതിനാൽ തുക നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2014-15 സാമ്പത്തിക

വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത വിഷയം പരാമർശിച്ചിട്ടുള്ളതും ചെലവ് തുക നിരാകരിച്ചതുമാണ്. ഈ വിവരം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-8/24-01-17) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് പരാമർശം ശ്രദ്ധിക്കപ്പെട്ടും മുൻപ് തന്നെ ചെലവു നടത്തി എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. നിർവഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക തിരികെ ഒടുക്കേണ്ടതാണ്.

## 3-5 ഉപയോഗിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നു

2015-16 വർഷത്തിൽ പട്ടാഴി ഗ്രാമ പഞ്ചായത്തിന്റെ കൈവശമുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്ക് പരിശോധിച്ചപ്പോൾ നിലവിൽ ഇല്ലാത്ത ഓർഡിനറി ബൾബുകൾക്കും വൈദ്യുതി ചാർജ്ജ് ഒടുക്കിയതായി കാണുന്നു. 2015-16 വർഷത്തിൽ ആകെ 612810/- (510675x12) രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി ഒടുക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബിയുടെ കൈവശമുള്ള കണക്ക് പ്രകാരമാണ് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഒടുക്ക് വരുത്തുന്നത്.പട്ടാഴി ഇലക്ട്രിക്കൽ സെക്ഷന്റെ കൈവശമുള്ള തെരുവ് വിളക്കിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടുള്ള ഓർഡിനറി ബൾബുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | കത്തുന്ന സമയം (മണിക്കൂറിൽ) | തുക |
|---|---|---|---|
| ഓർഡിനറി ബൾബ് (40w) | 411 | 12 | 25071 |
| ഓർഡിനറി ബൾബ് (60w) | 61 | 12 | 5734 |
| ഓർഡിനറി ബൾബ് (100w) | 30 | 12 | 4650 |

മേൽപ്പറഞ്ഞതിൽ ഓർഡിനറി ബൾബുകൾക്കായി പ്രതിമാസം 35455/- രൂപയാണ് (19.1.17-ലെ കണക്ക് പ്രകാരം) വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കി വരുന്നത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി നം 4/23-01-17-ന് നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്കുകളായി ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്.

ആയതിനാൽ തെരുവ് വിളക്കുകളുടെ യഥാർത്ഥ കണക്ക് ലഭ്യമാക്കുന്നതിലേക്ക് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി യഥാർത്ഥ കണക്കുകൾ തിട്ടപ്പെടുത്തേണ്ടതും ആയതിൻ പ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്ക് വരുത്തേണ്ടതാണ്. ഇതിലേക്കായി പഞ്ചായത്ത് ഭരണസമതിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ നാളിതുവരെ നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ പേരിൽ കെ.എസ്സ്.ഇ.ബി.യിൽഒടുക്കിയ തുകകൾ കണക്കാക്കി തുടർ ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ ബില്ലുകളിൽ നിന്നും പ്രസ്തുതയിനം ഒഴിവാക്കേണ്ടതുമാണ്.

## 3-6 മരുന്ന് ലഭ്യമായില്ല ചെലവു തുക തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | പ്രോജക്റ്റ് നം | അടങ്കൽ | ചെലവ് | ബിൽനം /തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ | 5/16 | 250000/- | 250000/- | 4/15-16 /30.03.16 |
| 2 | പാലിയേറ്റീവ് കെയർ | 4/16 | 500000/- | 100000/- | 5/15-16 /30.03.16 |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളിൽ പ്രകാരം യഥാക്രമം ചെലവഴിച്ച 52154, 20842 എന്നീ തുകകളുടെ മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2016 മാർച്ച് മാസം തുക കൈമാറിയിട്ടുണ്ടെങ്കിലും 17.12.2016ൽ ലഭിച്ച അവസാന ഗഡു കഴിച്ച് ബാക്കി 72996 രൂപയുടെ മരുന്ന് കിട്ടാനുണ്ട്. 15.05.2015ൽ ഭരണാനുമതി ലഭിച്ച പ്രോജക്ടുകളുടെ നിർവഹണം ആരംഭിക്കുന്നത് 2016 മാർച്ച് മാസമാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 11.03.2016ലെ പെർഫോർമാ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സപ്ളൈ ഓർഡർ നൽകിയിട്ടുള്ളത്. വിതരണ ഏജൻസിയുമായി നിയമാനുസൃത കരാറിൽ മെഡിക്കൽ ഓഫീസർ ഏർപ്പെട്ടിട്ടില്ല.

തുക കൈമാറി ഒരു സാമ്പത്തിക വർഷം കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാതിരിക്കുന്നത് ഒഴിവാക്കപ്പെടേണ്ട കാര്യമാണ്.ഈ സാഹചര്യത്തിൽ ലഭിച്ചിട്ടില്ലാത്ത മരുന്നിന്റെ വിലയായ 72996/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 സർക്കാർ അനുമതിയില്ലാതെ ചെലവ് ക്രമീകരിച്ചു

2007-08 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റേയും മെയിന്റനൻസ് ഗ്രാന്റിന്റേയും അലോട്ട്മെന്റുകൾ പത്തനാപുരം ട്രഷറിയിൽ ക്രഡിറ്റ് ചെയ്യാഞ്ഞതു സംബന്ധിച്ച വിഷയം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചതിൽ, 2007-08 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റേയും മെയിന്റനൻസ് ഗ്രാന്റിന്റേയും അലോട്ട്മെന്റുകൾ പത്തനാപുരം ട്രഷറിയിൽ ക്രഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ തുക ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിനെ സമീപിക്കാൻ പട്ടാഴിപഞ്ചായത്തിനോട് നിർദ്ദേശിച്ചുകൊണ്ടും, താൽക്കാലികമായി അക്കൗണ്ടിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് സുലേഖയിലെയും സാംഖ്യയിലെയും തുകകൾ ഒന്നാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ നൽകാൻ ഐ.കെ.എം നെ ചുമതലപ്പെടുത്തി കൊണ്ട് 23.12.2015 ലെ 3.14 തീരുമാനപ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പത്തനാപുരം ട്രഷറിയിൽ ക്രഡിറ്റ് ചെയ്തിട്ടില്ലാത്ത 2007-08ലെ താഴെ പറയുന്ന അലോട്ട്മെന്റുകൾ unauthorised Payment ആക്കി മാറ്റിയിട്ടുണ്ട്.

| ക്രമനമ്പർ | ഇനം | തുക | പേയ്മെന്റ് വൗച്ചർ/തീയതി |
|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 223900 | 21500584/1.1.16 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 90200 | 21500585/1.1.16 |
| 3 | മെയിന്റനൻസ് ഫണ്ട് | 94500 | 21500587/1.1.16 |

| | | | |
|---|---|---|---|
| | (റോഡിതരം) | | |
| 4 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 153700 | 21500586/1.1.16 |

എന്നാൽ തുക അനുവദിക്കാൻ സാധിക്കില്ല എന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 12.7.2016 ലെ 530/എഫ്എം1/2015/എൽ.എസ്.ജി.ഡി കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ടെങ്കിലും , 2007-08 ലെ ചെലവ് അധികൃതമാക്കി കൊണ്ട് സർക്കാരിൽ നിന്നും ഉത്തരവുകൾ ഒന്നും ലഭിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 സമഗ്രനെൽക്കൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം-92/16

അടങ്കൽ

വികസനഫണ്ട്(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)-300000/-

ജില്ലാ പഞ്ചായത്ത് വിഹിതം-45000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം-27000/-

ഗുണഭോക്തൃ വിഹിതം-200000/-

ആകെ-572000/-

ചെലവ്-227190/-(വികസനഫണ്ട്)

ബിൽ നം-3/15-16/17.3.16

നിർവഹണം-കൃഷി ഓഫീസർ

2015-16 സാമ്പത്തിക വർഷം 30 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ചെയ്യാനാണ് പദ്ധതി ആവിഷ്കരിച്ചത്.22.86 ഹെക്ടർ സ്ഥലത്ത് ഇടമേൽ, വേക്കുളം, ഇടക്കലഞ്ഞൂർ, വിരുത്തി, കൊന്നാറക്കൽ എന്നീ പാടശേഖര സമിതികളിൽ ഉൾപ്പെട്ട 75 കർഷകർ കൃഷിയിറക്കിയതായി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 2280 കിലോഗ്രാം നെൽവിത്ത് 88110 രൂപയ്ക്ക് വാങ്ങി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ജൈവവളം, പൂട്ടുകൂലി എന്നിവയ്ക്ക് സബ്സിഡിയായി 227190/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങളുടെ ലഭ്യത പ്രോജക്ടിൽ ഉറപ്പാക്കിയിട്ടില്ല.

2) കർഷകർ വിള ഇൻഷ്വറൻസ് തുക ഒടുക്ക് വരുത്തിയിട്ടില്ല.

3) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ആനുകൂല്യം കൈപ്പറ്റിയ കർഷകർ ഉൾപ്പെട്ടിട്ടില്ല.

4) കൃഷി ചെയ്ത മുഴുവൻ കർഷകരുടെയും ലിസ്റ്റ് (പാടശേഖരസമിതി അടിസ്ഥാനമാക്കി തയ്യാറാക്കിയത്) 10.02.2016-ൽ കൃഷിഓഫീസർ പഞ്ചായത്തിൽ അംഗീകാരത്തിനായി നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പദ്ധതി നിർവഹണത്തിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

### 3-9 എം.എൻ.ആർ.ഇ.ജി.എസ്.മൺകയ്യാല നിർമാണം-എം ബുക്കിൽ കൃത്യമായ അളവുകൾ രേഖപ്പെടുത്തുന്നില്ല

തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പുരയിടങ്ങളിൽ മൺകയ്യാല നിർമ്മിക്കുന്നതിനായി മീറ്ററിന് 169/- രൂപ നിരക്കിൽ 2015-16 വർഷം ആകെ 47,43,908/- രൂപ ചെലവ് ആയിട്ടുണ്ട്. ടി പ്രോജക്ടിൽ 30 സെ.മീറ്റർ മുകൾ വീതിയും 70 സെ.മീറ്റർ അടി വീതിയും 120 സെ.മീറ്റർ ഉയരത്തിൽ മണ്ണ് കുഴച്ച് കയ്യാല നിർമ്മിക്കുന്നതിന് ഡേറ്റാ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഫയൽ, എം.ബുക്ക് എന്നിവയുടെ പരിശോധനയിൽ കയ്യാലയുടെ വീതി, ഉയരം എന്നിവ ഉൾപ്പെടുത്തി കൃത്യമായ അളവുകൾ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. കയ്യാലയുടെ നീളം മാത്രം ഉൾപ്പെടുത്തി മീറ്ററിന് 169/- രൂപ നിരക്കിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. കൃത്യമായ അളവുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ കാണുന്നു.

സമനിരപ്പിലുള്ള പുരയിടങ്ങളിൽ ചെയ്തിട്ടുള്ള ഇത്തരം കയ്യാലകൾക്ക് 169/- രൂപ വീതം മീറ്ററിന് അംഗീകരിക്കാവുന്നതാണെങ്കിലും, ഉയർന്ന പുരയിടവും താഴ്ന്ന പുരയിടവും തമ്മിൽ വേർതിരിക്കുന്ന തരത്തിലുള്ള കയ്യാലകൾ നിർമ്മിക്കുന്നതിന് നീളത്തിന്റെ അടിസ്ഥാനത്തിൽ ടി നിരക്ക് അനുവദിക്കാവുന്നതല്ല. ഇത്തരം കയ്യാലകൾക്ക് സമനിരപ്പിൽ ചെയ്യുന്ന കയ്യാലകളുടെ വീതിയും, ഉയരവും ആയിരിക്കില്ല. താഴെ രേഖപ്പെടുത്തിയിരിക്കുന്ന വർക്കുകളിൽ വ്യത്യസ്ത ഉയരത്തിലും പുരയിടങ്ങളെ വേർതിരിക്കുന്ന രീതിയിലുള്ള കയ്യാലകൾ നിർമ്മിച്ച് (ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോട്ടോകൾ പ്രകാരം) ഉയരം, വീതി എന്നിവ കൃത്യമായി രേഖപ്പെടുത്താതെ ഒരു മീറ്റർ നീളത്തിന് 160/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ -12, തീയതി-25-1-16) ക്ക് നൽകിയ മറുപടി, എം ബുക്കിൽ കൃത്യമായ അളവുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അംഗീകരിക്കാവുന്നതല്ല. അളവുകളുടെ അഭാവത്തിൽ ടി ഇനത്തിലുള്ള നഷ്ടം കണക്കാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.അധികൃതരുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

1. ൦൪൬ വിവിധ പുരയിടങ്ങളിൽ മൺകയ്യാല നിർമ്മാണം

T.S. No. - 69/NREGS/PZHY/15-16, 24-7-15

എം.ബുക്ക് നം. - 116/15-16

990 M x 169/m = 167310

2. മരുതമൺ - വിവിധ പുരയിടങ്ങളിൽ മൺകയ്യാല നിർമ്മാണം

T.S. No. - 77/NREGS/PZHY/15-16

എം.ബുക്ക് നം. - 106/15-16

1047 x 169/m = 176943

3. പന്തപ്ലാവ് - വിവിധ പുരയിങ്ങളിൽ മൺകയ്യാല

T.S. No. - 61/NREGS/PZHY/15-16

എം.ബുക്ക് നം. - 127/15-16

1085 x 169 = 183365

4. മീനം - വിവിധ പുരയിടങ്ങളിൽ മൺകയ്യാല നിർമ്മാണം

T.S. No. - 58/NREGS/PZHY/15-16

എം.ബുക്ക് നം. - 122/15-16

1083 x 169 = 183027

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 27000/- | പ്രോജക്ട് നം. 72- സമഗ്ര നെൽകൃഷി വികസനം | 27000/- | Nil |
| ജില്ലാ പഞ്ചായത്ത് | 2015-16 | 45000/- | പ്രോജക്ട് നം. 92- സമഗ്ര നെൽകൃഷി വികസനം | 45000/- | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 20520/- | സമഗ്ര നെൽകൃഷി വികസനം | ഇല്ല - | 20520/- |
| ജില്ലാ പഞ്ചായത്ത് | 2015-16 | 34200/- | സമഗ്ര നെൽകൃഷി വികസനം | ഇല്ല - | 34200/- |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
ഇല്ല

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്
ഇല്ല

### 4-5. സ്ഥിരനിക്ഷേപങ്ങൾ
ഇല്ല

### 4-6. ഓഡിറ്റ് റിക്കവറി
ഇല്ല

### 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
ഇല്ല

### 4-8 ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47543241 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42420637 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 20000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 132032 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 765996 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 20000 | - | ശ്രീ.ജയദേവൻ പിള്ള, സെക്രട്ടറി |
| 3-3 | | 44532 | ശ്രീ.പ്രദീപ്.കെ.എസ്, കൃഷി ഓഫീസർ |
| 3-4 | | 87500 | ശ്രീ.ജയദേവൻ പിള്ള, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 500000 | ശ്രീമതി ഗീതാദേവി,എച്ച്.എം |
| 3-2 | 193000 | ശ്രീ.ഷിഹാബുദ്ദീൻ, അസി.സെക്രട്ടറി |
| 3-6 | 72996 | ഡോ.വിപിൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയദേവൻ പിള്ള, സെക്രട്ടറി | സെക്രട്ടറി, പട്ടാഴി ഗ്രാമ പഞ്ചായത്ത് | ചിത്രാലയം, കാരിക്കൽ, കരിമ്പിൻപുഴ പി.ഒ, കൊല്ലം |
| ശ്രീ.പ്രദീപ്.കെ.എസ്, കൃഷി ഓഫീസർ | സെക്രട്ടറി, പട്ടാഴി ഗ്രാമ പഞ്ചായത്ത് | ശ്രീവിഹാർ, മണ്ണടി പി.ഒ, പത്തനംതിട്ട |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-1993 | LFQ PS/1223/93/09.05.1996 | |
| 1997-1998 | LFQ P5 /1389(1)2014/ 24.6.2014 | 44 |
| 1998-1999 | LFQ P5 /1389(2)2014/ 24.6.2014 | 6 |
| 2001-2002 | LFQ P5 /1389(5)2014/ 24.6.2014 | 8 |
| 2002-2003 | LFQ P5 /1389(6)2014/ 24.6.2014 | 3 |
| 2003-2004 | LFQ P5 /1389(6)2014/ 24.6.2014 | |
| 2004-2005 | LFQ P5 /1389(7)2014/ 24.6.2014 | 12 |
| 2005-2006 | LFQ P5 /1389(8)2014/ 24.6.2014 | 16 |
| 2006-2007 | LFQ P5 /1389(9)2014/ 24.6.2014 | 16 |
| 2007-2008 | LFQ P5 /1389(10)2014/ 24.6.2014 | 20 |
| 2008-2009 | LFQ P5 /1389(11)2014/ 24.6.2014 | 9 |

| | | |
|---|---|---|
| 2009-2010 &<br>2010-2011 | LFQ P5 /1389(12)2014/ 24.6.2014 | 41 |
| 2011-2012 &<br>2012-2013 | LFQ P5 /1091/2015/ തീയതി.04.08.2015 | |
| 2014-15 | KSA KLM P4-1160/16 തീയതി 28/07/2016 | |

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം.-പി 5-216/17 തീയതി.14.2.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.